ओ३म्

# ദയാനന്ദ സന്ദേശം


*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**DAYANANDA SANDESAM**


ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!





പുസ്തകം : 7 ലക്കം 2

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ആഷാഢം – ശ്രാവണം
1193 കർക്കടകം – 1194 ചിങ്ങം 2018 ആഗസ്റ്റ്

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-




# അങ്ങാടിപ്പുറം രാമസിംഹൻ

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

ആഗസ്റ്റ് 2 : അങ്ങാടിപ്പുറം രാമസിംഹൻ രക്തസാക്ഷി ദിനം
ആഗസ്റ്റ് 11 : ഖുദിറാം ബോസ് രക്തസാക്ഷി ദിനം
ആഗസ്റ്റ് 15 : സ്വാതന്ത്ര്യ ദിനം
മഹർഷി അരവിന്ദ ജയന്തി
ആസസ്റ്റ് 25 : തിരുവോണം
ആഗസ്റ്റ് 28 : മഹാത്മാ അയ്യങ്കാളി ജന്മദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1 സൂക്തം 8**



**മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ നിച്യൃത് ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

**മഹാങ് ഇന്ദ്രഃ പരശ്ച നു മഹിത്വമസ്തു വജ്രിണേ ।**
**ദൗര്ന പ്രഥിനാ ശവഃ॥ (ഋഗ്വേദം 1.8.7)**

പദാർത്ഥം: (ന) എങ്ങനെയാണോ ഈ പ്രപഞ്ചത്തെ പ്രകാശമുക്തമാക്കാൻ (ദ്യൗഃ) സൂര്യപ്രകാശം (പ്രഥിനാ) പരക്കെ എത്തുന്നത് അതേപോലെ (മഹാൻ) എല്ലാപ്രകാരത്തിലും അനന്തഗുണവാനും അത്യുത്തമ സ്വഭാവത്തോട് കൂടിയവനും അതുല്യമായ സാമർത്ഥ്യത്തോട് കൂടിയവനും (പരഃ) അത്യന്ത ശ്രേഷ്ഠനും (ഇന്ദ്രഃ) സർവ്വജഗത്തിനേയും രക്ഷിക്കുന്നവനുമായ പരമേശ്വരൻ (വജ്രിണേ) ന്യായരീതിയിൽ ശിക്ഷനൽകുന്നവനുമായ പരമേശ്വരൻ (നമ) അങ്ങയുടെ സഹായ രൂപ ഹേതുവാൽ ഞങ്ങൾക്ക് വിജയത്തെ നൽകുന്നു. ഇതദ്ദേഹത്തിന്റെ (മഹിത്വമ്)മഹിമയും (ച) ബലവുമാണ്.

ഭാവാർത്ഥം: ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണ്. ധാർമ്മികമായ യുദ്ധം ചെയ്യുന്ന മനുഷ്യർക്ക് ഉചിതമായിട്ടുള്ളത് ശൂരവീരന്മാരായവർ യുദ്ധത്തിൽ അതിധീരന്മാരായ മനുഷ്യരോടൊപ്പം ചേർന്ന് ദുഷ്ടശത്രുക്കളുടെ മേൽ തന്റെ വിജയം നേടുന്നു. അവക്കുള്ള നന്ദി അനന്ത ശക്തിമാനായ ജഗദീശ്വരന് നൽകണം. അങ്ങനെ നിരഭിമാനികളായ മനുഷ്യരുടെ രാജ്യം നിരന്തരം വർദ്ധിക്കട്ടെ.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 7 ലക്കം 2

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ആഷാഢം - ശ്രാവണം
1193 കർക്കടകം - 1194 ചിങ്ങം 2018 ആഗസ്റ്റ്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |



**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

## ശിവസങ്കൽപ്പം

(തുടർച്ച)



**ലോകത്തിലെ** എല്ലാ പ്രാചീന സംസ്കാരങ്ങളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഹിമാലയവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. ഹിമാലയത്തിന്റെ മറ്റൊരു പേരാണ് മേരു. ഇറാനിൽ ഇതിന് 'മൗരു' എന്നും യവനദേശത്ത് (ഗ്രീസ്) 'മോരോസ്', ദക്ഷിണ തുർക്കിസ്ഥാനിൽ 'മേരുവ' ഈജിപ്തിൽ 'മേർഇ', അസീറിയയിൽ 'മോരുഖ്' എന്നിങ്ങനെ പറയപ്പെടുന്നു. ഇതിൽനിന്നും മനസ്സിലാക്കാവുന്നത് ഹിമാലയം നമ്മുടെ ആദിദേവനായ മഹാദേവനാണെന്നാണ്.

കാലാകാലങ്ങളിൽ അനേകം വ്യക്തികൾ ശിവൻ, ശങ്കരൻ, ശംഭു, മഹാദേവൻ തുടങ്ങിയ നാമങ്ങ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ളിലുണ്ടായിരുന്നു. ഇവയേ എല്ലാം ഒന്നിച്ച് ചേർത്ത് നാം കാണാതിരിക്കണം. വേദങ്ങളിൽ വർണ്ണിക്കുന്ന ശിവൻ അഥവാ ശങ്കരൻ നിരാകാരനും ജനനമെടുക്കാത്തവനുമാണ്. വാല്മീകി രാമായണത്തിൽ പറയുന്ന ശിവ നാമധാരി ഏതോ മഹാപുരുഷനാണെന്ന് വ്യക്തമാണ്. അദ്ദേഹം മഹാഭാരതകാലത്തുള്ള ശിവനിൽ നിന്നും വ്യത്യസ്തനാണ്. മഹാഭാരതകാലത്തുള്ള ശിവനെകുറിച്ച് നിരവധി കഥകൾ പുരാണങ്ങളിൽ വർണ്ണിക്കുന്നുണ്ട്. അതുകാരണം സാധാരണക്കാർക്ക് ഈ പറയപ്പെടുന്ന ശിവനാമധാരികളെല്ലാം ഒന്നാണെന്ന് തോന്നുന്നതിനാൽ ആശയക്കുഴപ്പങ്ങൾ ഏറെയുണ്ട്. മഹാഭാരതകാലത്തെ ശിവൻ മനുഷ്യഗുണങ്ങൾ നിറഞ്ഞവനാണ്. ലിംഗ പൂജപോലുള്ളവ ഈ ശിവനുമായി ബന്ധപ്പെട്ടതാണ്. ഹിമാലയ പർവ്വതത്തിന് ഒരു മനുഷ്യ പരിവേഷം നൽകിയിരിക്കുന്നു ഈ ശിവനിൽ. ഭക്തിഭാവത്താൽ ഈ ശിവനെ ദേവാധി ദേവനും പരമ പുരുഷനുമായി പ്രകീർത്തിക്കപ്പെടുന്നു. ഇത്തരം വ്യത്യസ്തതകൾ കൂട്ടിച്ചേർത്തതിനാലാണ് ഇന്നു പ്രചാരത്തിലുള്ള എല്ലാ അതിശയോക്തി കലർന്ന ശിവകഥകളുടേയും അടിസ്ഥാനം. ഈ വ്യത്യസ്തതകളെല്ലാം വെവ്വേറെയായി കാണേണ്ടത് അത്യാവശ്യമാണ്.

## ശിവൻ – വൈദിക കാഴ്ച്ചപ്പാടിൽ

ശിവനെ വർണ്ണിക്കുന്ന നിരവധി മന്ത്രങ്ങൾ വേദങ്ങളിലുണ്ട്. യജുർവ്വേദം മുപ്പത്തിനാലാമദ്ധ്യായത്തിലെ ആദ്യത്തെ ആറുമന്ത്രങ്ങൾ ശിവസങ്കൽപ്പസൂക്തമെന്നപേരിലാണറിയപ്പെടുന്നത്.ശിവന്റെ(ഈശ്വരന്റെ) മറ്റൊരു നാമമായ 'രുദ്രൻ' എന്ന നാമവും അസംഖ്യം ഇടങ്ങളിൽ പരാമർശിക്കുന്നുണ്ട്. യജുർവ്വേദത്തിലെ പതിനാറാം അദ്ധ്യായം രുദ്രനെ കുറിച്ചുള്ള സ്തുതികളാണ്. ശ്രീരുദ്രം എന്ന പേരിലും ഇതറിയപ്പെടുന്നു. ഈശ്വരന്റെ നൂറു നാമങ്ങളെ വർണ്ണിക്കുന്ന മഹർഷി ദയാനന്ദന്റെ സത്യാർത്ഥ പ്രകാശം ഒന്നാം സമുല്ലാസത്തിൽ ഇങ്ങനെ പറയുന്നു. **ശിവൻ** - സ്വയം മംഗളസ്വരൂപനും മറ്റുള്ളവർക്ക് മംഗളത്തെ നൽകുന്നവനുമാകയാൽ ഈശ്വരന്റെ പേരാണ് ശിവൻ. **ശങ്കരൻ** - മംഗളം അഥവാ സുഖം ഉളവാക്കുന്നവൻ എന്ന അർത്ഥത്തിലാണ് ഈശ്വരന്റെ നാമമായ ശങ്കരൻ എന്ന പദം. നമഃ ശങ്കരായ ച (യജുർവ്വേദം 16.41) ശങ്കകളെ ദൂരീകരിക്കുന്നതിനാലും ഈശ്വരന് ശങ്കരൻ എന്ന വിശേഷണമുണ്ട്. (ശങ്കാനാം സമൂഹഃ ശങ്കം തസ്യ ശഃ പ്രദാഹകഃ സർവ്വസംശയ പ്രദാഹകഃ) എല്ലാ പ്രകാരത്തിലുള്ള ശങ്കകളേയും (സംശങ്ങളേയും) ദൂരീകരിക്കുന്നവൻ ശങ്കരൻ. മുണ്ഡകോപനിഷത്തിൽ പറയുന്ന ഛിന്ദന്തെ സർവ്വ സംശയഃ തസ്മിൻ ദൃഷ്ടേ പരാവരെ (മുണ്ഡകം 2.2.8) (ഈ ലേഖനം ഒരു പുസ്തകരൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാൽ ഇവിടെ നിർത്തുകയാണ്)



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

(മന്ത്രായു.) – ഈ മന്ത്രത്തിന്റെ ഭാഷ്യത്തിൽ വാത്സ്യായനമുനി വേദങ്ങൾ നിത്യമാണെന്ന് സ്പഷ്ടമായി പ്രതിപാദിക്കുന്നുണ്ട്. ആപ്തന്മാർ വേദാർത്ഥത്തെ കണ്ടവരും കാണിക്കുന്നവരും അറിയിക്കുന്നവരുമാണ്. ആരാണോ ആ മന്ത്രങ്ങളുടെ അർത്ഥത്തെ ദർശിക്കുന്നതും പറയുന്നതും അവർ തന്നെയാണ് ആയുർവേദാദികൾ നിർമ്മിച്ചത്. ആയുർവേദത്തേക്കുറിച്ച് അവരുടെ അഭിപ്രായം സത്യമാകുന്നതുപോലെ വേദങ്ങളെ നിത്യമായി കാണണമെന്ന അവരുടെ നിലപാടിനേയും സത്യമായി കാണണം എന്തെന്നാൽ ആപ്തന്മാരുടെ ഉപദേശങ്ങൾ സത്യമാവുന്നതുപോലെ എല്ലാ ആപ്തന്മാരുടേയും പരമ ആപ്തനായ - സർവ്വരുടേയും ഗുരുവായ പരമേശ്വരന്റെ വേദങ്ങളേയും നിത്യമായതാണെന്ന് പ്രമാണമായംഗീകരിക്കണം.

അത്രവിഷയേ യോഗശാസ്ത്രേ പരഞ്ജലി മുനിരപ്യാഹ-

**സ ഏഷ പൂർവ്വേഷാമപി ഗുരുഃ കാലേനാനവച്ഛേദാത്**

(യോഗദർശനം 1-1-26)

യഃ പൂർവ്വേഷാം സൃഷ്ട്യാദാവുല്പ്പന്നാ മഗ്നി വായ്വാദിത്യാങ്ഗിരോ ബ്രഹ്മാദീനാം പ്രാചീനാനാം അസ്മദാദീനാമിദാനീന്തനാനാമ് അഗ്രേഭവിഷ്യതാം ച സർവ്വേഷാമേവ ഈശ്വര ഏവ ഗുരുരസ്തി| ഗൃണാതി വേദദ്വാരോപദിശതി സത്യാനർത്ഥാന് സ 'ഗുരുഃ'|സ ച സർവ്വദാ നിത്യോऽസ്തി, തത്ര കാലഗതേരപ്രചാരത്വാത്|ന സ ഈശ്വരോ ഹ്യവിദ്യാദിക്ലേശൈഃ പാപകർമ്മഭിസ്തദ്വാസനയാ ച കദാചിദ് യുക്തോ ഭവതി|യസ്മിൻ നിരതിശയം നിത്യം സ്വാഭാവികം ജ്ഞാനമസ്തി, തദുക്തത്വാദ വേദാനാമപി സത്യാർത്ഥവത്വനിത്യത്വേവേദ്യേ ഇതി |

**ഭാഷാർത്ഥം:** ഈ വിഷയത്തിൽ യോഗശാസ്ത്രകർത്താവായ പതഞ്ജലി മുനിയും വേദങ്ങളെ നിത്യമായവയായാണ് കാണുന്നത് - (സഏഷ) സൃഷ്ടിയുടെ ആദിയിൽ ഉണ്ടായ അഗ്നി, വായു ആദിത്യൻ, അങ്ഗിരസ് എന്നിവരുടെയും ബ്രഹ്മാദി മുതലായവർ തൊട്ട് നാം വരേയുള്ളവരുടേയും ഇനി വരാൻ പോകുന്നവരുടേയും ഗുരു പരമേശ്വരൻ തന്നെയാണ്. വേദങ്ങൾ വഴി സത്യാർത്ഥങ്ങളെ ഉപദേശിക്കുന്ന പരമേശ്വരന്റെ നാമമാണ് ഗുരു. അതിനാൽ ഈശ്വരൻ നിത്യനാണ്. ക്ഷണം മുതലായ കലാംശങ്ങൾ ഈശ്വരനിൽ ബാധിക്കുകയോ പ്രചരിക്കുകയോ ഇല്ല.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*

*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം



നാലു പ്രകാരത്തിലുള്ള അധികാരികളുണ്ടായിരുന്നു. രാജ്യാധികാരി, സേനാധികാരി, കോശാധികാരി എന്നിവരാണിവർ. ഓരോ ഭരണവിഭാഗത്തിലും നാലുഭരണാധികാരികൾ ഉണ്ടായിരുന്നു. രാജ്യസഭയുടെ ആദ്യത്തെ അദ്ധ്യക്ഷൻ ഇക്ഷ്വാകുവായിരുന്നു. ഏതെങ്കിലും വിഷയത്തെ കുറിച്ചു രണ്ടഭിപ്രായം വന്നാൽ അതിൽ നിർണ്ണയമെടുക്കാനുള്ള ചുമതല അദ്ധ്യക്ഷനാണ്. വിഭിന്നപ്രകാരത്തിലുള്ള സഭകളും ദേശത്തുണ്ടായിരുന്നു. അവയിൽ രാജാര്യ (സഭ)യായിരുന്നു മുഖ്യം. ധർമ്മസഭകൾ അഥവാ പരിഷത്തുകളും വിവിധഭാഗങ്ങളിൽ ഉണ്ടായിരുന്നു. പത്തു പണ്ഡിതരില്ലെങ്കിൽ പരിഷത്ത് സഭ കൂടാനാവില്ല. ചുരുങ്ങിയത് 3 പണ്ഡിതരെങ്കിലും ഇല്ലെങ്കിൽ സഭയുടെ പ്രവർത്തനം നടക്കില്ല. ധർമ്മസഭക്ക് ഒരു പ്രകാരത്തിലുമുള്ള അധികാരവുമുണ്ടായിരുന്നില്ല. ധർമ്മാധർമ്മങ്ങളുടെ വിവേചനവും ഉപദേശവുമാണിവിടെ നടന്നിരുന്നത്. പരീക്ഷകൾ, കലകളുടെ പ്രോത്സാഹനം എന്നിവ സഭകൾ ശ്രദ്ധിച്ചിരുന്നു. കൂടുതൽ വിഷയങ്ങളുടെ കാര്യത്തിൽ രാജാര്യസഭയാണ് തീരുമാനമെടുത്തിരുന്നത്. നീതിന്യായ നിർവ്വഹണം രാജാര്യസഭയാണ് നടത്തിയിരുന്നത്. മഹാഭാരതം സഭാപർവ്വത്തിൽ വിവിധ സഭകളുടെ വർണ്ണനയുണ്ട്. അവ നോക്കുക സൈന്യത്തിലെ സൈനികന് ഉത്തരവ് പാലിക്കുകയാണ് മുഖ്യധർമ്മം. ധനുർവ്വേദം അവരെ പഠിപ്പിച്ചിരുന്നു. പട്ടാളവ്യൂഹരചനകൾ ആര്യന്മാർക്കറിയാമായിരുന്നില്ല എന്ന് ഇംഗ്ലീഷ് പഠിച്ച പലരും പറയുന്നുണ്ട്. അത് വിഡ്ഢിത്തമാണ്. എന്തെന്നാൽ മകരവ്യൂഹം, വാക്‌വ്യൂഹം, ബലാകവ്യൂഹം, സൂചിവ്യൂഹം, സൂകരവ്യൂഹം, ശകടവ്യൂഹം, ചക്രവ്യൂഹം എന്നിങ്ങനെ വിവിധ പ്രകാരത്തിലുള്ള വ്യൂഹരചന പ്രാചീനകാലത്തെ ആര്യന്മാർക്കറിയാമായിരുന്നു. സൈന്യത്തിലും വ്യത്യസ്ത ഘടകങ്ങൾ ഉണ്ടായിരുന്നു. ദശേശ, ശതേശ, സഹസ്രേശ എന്നിങ്ങനെയുള്ള സൈന്യാധികാരികൾ ഉണ്ടായിരുന്നു. അക്കാലത്തെ അവരുടെ ആയുധങ്ങൾ ശക്തി, അസി, ശതഘ്നി, ഭൂശുണ്ഡി എന്നിവയായിരുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

പ്രക്രിയാപാദം, അനുഷംഗപാദം, ഉപോത്ഘാതപാദം, ഉപസംഹാര പാദം എന്നിവയാണവ.

ഈ പുരാണത്തെ പൂർവ്വഭാഗം, ഉത്തരഭാഗം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. കൽപ്പത്തെകുറിച്ചുള്ള നിരൂപണം മറ്റു പുരാണങ്ങളിൽ നിന്നും വിഭിന്നമാണിതിൽ. ഭൂഗോളവർണ്ണന ഈ പുരാണത്തിൽ വിശദമായുണ്ട്. ജംബുദ്വീപത്തെക്കുറിച്ചുള്ള വർണ്ണന വളരെ സുന്ദരമാണ്. വേദശാഖകളുടെ വർണ്ണനയുമുണ്ട്. പ്രാചീന ബ്രാഹ്മണ വംശങ്ങളുടെ ചരിത്രം 61 മുതൽ 65 വരെയുള്ള അദ്ധ്യായങ്ങളിൽ പറയുന്നു. ഭഗവാൻ ശിവന്റെ ചരിത്രത്തെ വളരെ വിപുലമായി ഈ പുരാണത്തിൽ വർണ്ണിക്കുന്നു. പശുപതിയുടെ പൂജാ സംബന്ധമായ 'പാശുപത യോഗം' ഈ പുരാണത്തിന്റെ സവിശേഷതയാണ്.

ഈ പുരാണത്തിൽ ഉത്തര ഭാഗത്ത് നർമ്മദാ തീർത്ഥത്തിന്റെ വർണ്ണനയുണ്ട്. ദശപ്രജാപതികൾ ശിവനെ സ്തുതിക്കുന്ന 'ശർവ്വാസ്തവം' ഈ പുരാണത്തിൽ വിവരിക്കുന്നു. ശൈവതത്ത്വ പ്രധാനമാണ് ഈ പുരാണമെങ്കിലും ഗദാധരനായ വിഷ്ണുവിന്റെ വർണ്ണനയും ആഖ്യാനവുമുണ്ടതിൽ. മധുകൈടഭരുടെ കഥ, മോഹിനിയുടെ ജൻമം എന്നിവയും വർണ്ണിക്കുന്നുണ്ടതിൽ.

### 5. ശ്രീമദ് ഭാഗവത പുരാണം

ഇന്ന് ഏറ്റവുമധികം പ്രചാരത്തിലുള്ള പുരാണമാണ് ഭാഗവത പുരാണം. 12 സ്കന്ധങ്ങളുള്ള ഈ പുരാണത്തിൽ വിഷ്ണുവിന്റെ അവതാരങ്ങളുടെ കഥ വർണ്ണിക്കുന്നു. ദശമസ്കന്ധത്തിലാണ് ശ്രീകൃഷ്ണാവതാരം വർണ്ണിക്കുന്നത്. പൗരാണികരുടെ വിശ്വാസ പ്രകാരം വേദങ്ങൾവിന്യസിച്ചുകഴിഞ്ഞശേഷം ധർമ്മ വിചിന്തനം ചെയ്യുന്ന മഹാഭാരതവും എഴുതിയ വേദവ്യാസന് എന്തോ തൃപ്തിയില്ലായ്മ അനുഭവപ്പെട്ടു. ഇത് നാരദനുമായി സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ഭഗവത് സ്വരൂപം മുഴുവൻ വർണ്ണിക്കുന്ന ഒരു ഗ്രന്ഥം എഴുതാൻ തീരുമാനിച്ചു. അതാണത്രെ ഭാഗവതം. വേദവ്യാസൻ ഭാഗവതം തന്റെ മകനായ ശ്രീശുക ബ്രഹ്മർഷിക്ക് ഉപദേശിക്കുകയും ശുകൻ അത് പരീക്ഷിത്ത് മഹാരാജാവിന് പറഞ്ഞുകൊടുക്കുകയും ചെയ്തു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

10. **പവനപുത്രനായ** ഹനുമാൻ നീണ്ടവാലുള്ള കുരങ്ങനായിരുന്നുവോ? അദ്ദേഹം വേദങ്ങളുടേയും വ്യാകരണത്തിന്റേയും ഉന്നത പണ്ഡിതനായിരുന്നു. 'ഹനുമാൻ തുടങ്ങിയവർ വാനരനായിരുന്നുവോ?' എന്ന എന്റെ പുസ്തകം നോക്കുക ഇത്തരത്തിൽ ഒന്നോ രണ്ടോ അല്ല നിരവധി സഹസ്രം കെട്ടുകഥകൾ പുരാണങ്ങൾ നോക്കിയാൽ കാണാം. പ്രഭാഷകർ ഇത്തരം കഥകൾ യാതൊരു സങ്കോചവുമില്ലാതെ പ്രസംഗിക്കുകയും ശ്രോതാക്കളിത് സത്യവചനമായി സ്വീകരിച്ച് അവർക്ക് ധനവും ദക്ഷിണയും നൽകുകയും ചെയ്യും.

ഇതിഹാസങ്ങളേയും സിദ്ധാന്തങ്ങളേയും ഗവേഷണാത്മകമായി പഠിച്ച് സത്യനിർണ്ണയം നടത്തി സാധാരണ ജനങ്ങൾക്കുണ്ടാകുന്ന വിഭ്രാന്തി തീർക്കുക എന്നത് പണ്ഡിതൻമാരുടെ കർത്തവ്യമാണ്.

## ദ്രൗപദി

ദ്രുപദരാജാവിന്റെ കന്യകയായിരുന്ന ദ്രൗപദി അവരുടെ വിവാഹം യുധിഷ്ഠിരൻ, ഭീമസേനൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നീ പാണ്ഡുപുത്രൻമാർ അഥവാ പാണ്ഡവരുമായി നടന്നു. അതിനാൽ 'പഞ്ചഭർത്താരി' (അഞ്ചു ഭർത്താക്കന്മാരുള്ളവൾ) എന്ന് ദ്രൗപദിയെ വിശേഷിപ്പിക്കപ്പെടുന്നു. ഈ കഥ പ്രസിദ്ധമാണ്.

പഞ്ചപാണ്ഡവരുമായി ആ കന്യകയുടെ വിവാഹം എങ്ങനെ നടന്നു എന്നതിന്റെ മൂലകാരണം ഇങ്ങനെ പറയപ്പെടുന്നു.

"ദ്രുപദന്റെ സഭയിൽ ദ്രൗപദീസ്വയംവരത്തിനായി ഒരു മണ്ഡപമുണ്ടാക്കി. അവിടെ ഒരു തൂണിൽ കറങ്ങുന്ന ഒരു ചക്രയന്ത്രവും അതിനു മുകളിൽ ഒരു മത്സ്യരൂപവും വെച്ചിരുന്നു."

ദ്രൗപദിയുടെ സഹോദരൻ ധൃഷ്ടദ്യുമ്നൻ രാജാക്കൻമാരുടേയും രാജകുമാരൻമാരുടേയും ഒരു വൻസഭയിൽ വെച്ചൊരു പ്രഖ്യാപനം നടത്തി. "ആരാണോ അഞ്ചു ബാണങ്ങളെകൊണ്ട് മേൽ വിവരിച്ച ലക്ഷ്യം ഭേദിച്ച് മത്സ്യരൂപത്തെ താഴെ വീഴ്ത്തുന്നത് അയാൾക്ക് ദ്രൗപദിയേ വിവാഹം ചെയ്തുകൊടുക്കുന്നതാണ് എന്ന്."

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



"താങ്കൾ സി.ആർ. നാണപ്പയെ, ഹിന്ദി പ്രചാരകൻ, പട്ടാമ്പിക്കടുത്തുള്ള പള്ളിപ്പുറം സ്വദേശി, അറിയ്യോ? ഛായകൊണ്ടു ചോദിച്ചതാ നിങ്ങളും അതേമാതിരി തന്നെ ഇരട്ടപെറ്റപോലെ" - ഊഹം ശരിയാണോ എന്നറിയാൻ പാച്ചൻ മലയാളത്തിലാണ് ചോദിച്ചത്. പെട്ടന്നയളുടെ മുഖത്തുദിച്ച പരിഭ്രമാദി ഭാവപ്രസരണം പാച്ചൻ ശ്രദ്ധിച്ചു. കുണ്ഡലിനിയിൽ നിന്ന് താനറിയാതെ ഉണർന്നുയർന്ന് മുഖത്ത് പ്രകടീഭവിച്ച സഹോദര-ബന്ധു-മിത്ര-സ്വദേശ്യാദികളുമായി ബന്ധപ്പെട്ട വികാരങ്ങൾ തുടച്ചുമാറ്റി ഒന്നും സംഭവിക്കാത്തമട്ടിൽ ആ മനുഷ്യൻ പാച്ചന്റെ അടുത്തുവന്ന് മുഖം ചെവിയോടടുപ്പിച്ചു മന്ത്രിച്ചു. "ഞാനൊളിവിലാണ്. സ്വാതന്ത്ര്യ സമരസേനാനി. ബ്രിട്ടീഷുകാരുടെ നോട്ടപ്പുള്ളി. ഇപ്പോൾ ഇത്രമാത്രം. ബാക്കിപിന്നെ. ഏകാന്തതയിൽ" - പാച്ചൻ അത്ഭുതസ്തബ്ധനായി.

ഇയാൾ പറഞ്ഞതെങ്ങനെ വിശ്വസിക്കും. വല്ല അധോലോക സംഘത്തിൽപ്പെട്ടവനായിക്കൂടെന്നുണ്ടോ? "ഉദരനിമിത്തം ബഹുകൃതവേഷധാരി" ആയിക്കൂടെന്നുണ്ടോ? ഈ മഹാനഗരപ്രപഞ്ചത്തിൽ ആരേയാണ് വിശ്വസിക്കുക. ഇത്യാദി വിചാരങ്ങൾ അയാളുടെ മനസ്സിനെ കലുഷിതമാക്കി. എന്നാൽ അതൊന്നും പുറത്തുകാട്ടാതെ ഒരു ചിരി ചുണ്ടിൽ പ്രസരിപ്പിച്ചുകൊണ്ട് ആഗതന് കുളിമുറി ചൂണ്ടിക്കാണിച്ചുകൊടുത്തു.

പരദേശി കുളിമുറിയിൽ കടന്ന് വാതിലടച്ചു. പാച്ചൻ ഉമ്മറുത്തുവന്ന് ചിന്തയിലാണ്ടിരിപ്പായി. പരദേശി നാമധാരിയായ ആ മനുഷ്യൻ ഒരു പത്തുമിനിറ്റിനുള്ളിൽ കുളിച്ച് ഉടുപ്പ് മാറ്റി വൃത്തിയോടെ പുറത്തുവന്നു. പാച്ചൻ കാണിച്ചുകൊടുത്ത ഊൺമേശക്കരികിലിരുന്ന് വിളമ്പുകാരൻ മേശമേൽ വെച്ച ഒരു കപ്പു ചോറും രണ്ടു ചപ്പാത്തിയും കറിയും വേഗം കഴിച്ച് വയറുനിറയെ വെള്ളവും മോന്തി എഴുന്നേറ്റ് കൈകഴുകി കാശുകൊടുത്തു.

"നമുക്ക് പുറത്തുപോകാം. ശിവജി പാർക്കിൽ പോയി വർത്തമാനങ്ങൾ കൈമാറാം. എന്താ... തടസ്സമൊന്നുമില്ലല്ലോ?" അയാൾ പതുങ്ങിയ ശബ്ദത്തിൽ പറഞ്ഞു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*

*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

1. **ഹേയം:-** മഹർഷി പതഞ്ജലി യോഗദർശനത്തിന്റെ രണ്ടാം പാദം പതിനാറാം സൂത്രത്തിൽ 'ഹേയം ദുഃഖമനാഗതം' എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. ഈ സൂത്രമനുസരിച്ച് ഭാവിയിൽ വരാനിടയുള്ള ദുഃഖമാണ് ഹേയം. അതായത് ഏതൊരു ദുഃഖമാണോ ഇപ്പോളില്ലാത്തതും ഭാവിയിൽ വരാനിടയുള്ളതും അതിനെ ഒഴിവാക്കാവുന്നതാണ്. അതിൽ നിന്നും രക്ഷ നേടാവുന്നതാണ്.

ഇതിനെ ഒന്നുകൂടി വിശദീകരിക്കാം. ഏതൊരു ദുഃഖമാണോ ഭൂതകാലത്തിൽ അനുഭവിച്ചത് അത് ഉപേക്ഷിക്കാനാവില്ല. എന്തെന്നാൽ അത് ഇപ്പോൾ ഭോക്താവിന്റെ സമീപമില്ല. ഈ വർത്തമാനകാലത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുഃഖവും കുറച്ചു സമയങ്ങൾക്കുശേഷം ഇല്ലാതെയാവും അതിനാല തിനേയും ത്യജിക്കാനാവില്ല. എന്നാൽ ഭവിഷ്യകാലത്തിൽ ഉണ്ടാവാനിടയുള്ള ദുഃഖം ഉപേക്ഷിക്കാൻ കഴിയുന്നതാണ്. ഈ ദർശനത്തിൽ ഇതിനെ പറയുന്നത് "ഹേയ" മെന്നാണ്.

2. **ഹേയഹേതു:-** ഈ സ്വരൂപത്തെ രണ്ടാംപാദത്തിലെ പതിനേഴാം സൂത്രത്തിൽ "ദ്രഷ്ടുദൃശ്യയോഃ സംയോഗോ ഹേയ ഹേതുഃ" എന്ന് വ്യക്തമാക്കുന്നു. ഹേയഹേതുവെന്നാൽ ദുഃഖത്തിനുള്ള കാരണം. ജീവാത്മാക്കളുടെ ബുദ്ധിയും മറ്റെല്ലാ പ്രാകൃതിക പദാർത്ഥങ്ങളിലുമുള്ള അജ്ഞാന പൂർവ്വമായ ബന്ധങ്ങളാണ് 'ഹേയഹേതു'. ഇവയുടെ പുറമെ അവിദ്യ, അധർമ്മം, കുസംസ്കാരം എന്നിവയും ദുഃഖകാരണമാണ്.

3. **ഹാനം:-** യോഗദർശന സൂത്രം 2.25ൽ 'തദഭാവാൽ സംയോഗാഭാവോ ഹാനം തദ്ദൃശേഃ കൈവല്ല്യമ്' എന്നതിൽ വർണ്ണിക്കുന്നതാണ് ഇത്. അവിദ്യയുടെ അഭാവമുണ്ടാവുമ്പോൾ ബുദ്ധിയും ജീവാത്മാവും തമ്മിലുള്ള സംയോഗത്തിന്റെ അഭാവമുണ്ടാവുന്നു. അതുമൂലം ജീവാത്മാവിന്റെ ബന്ധങ്ങളുടെ നിതാന്തവിനാശമുണ്ടാവുകയും പ്രാപിക്കാൻ യോഗ്യമായ ദുഃഖരഹിതമായ നിത്യസുഖവും ഈശ്വരപ്രാപ്തിയുമുണ്ടാവുന്നു. ഇതാണ് ഹാനമെന്നതിന്റെ സ്വരൂപം. ഹാനമെന്നതിനർത്ഥം മോക്ഷമെന്നാണ്.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8. 1. 8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ?= സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



**ചോദ്യം 74: ഈശ്വരന് ഏതെങ്കിലും ആത്മാവിനെ പുറത്തെടുക്കാനോ തിരിച്ചു വെക്കാനോ സാദ്ധ്യമാണോ?**

**ഉത്തരം :** കാരണമില്ലാതെ കാര്യവും കർത്താവില്ലാതെ ഒരു കാര്യവും സാദ്ധ്യമല്ല. കർത്താവ് രണ്ടു തരത്തിലാണ്. ഈശ്വരനും ജീവാത്മാവും. പ്രകൃതി ജഡമാണ്.

ആത്മാവിന്റെ ശരീരത്തിൽ നിന്നുള്ള നിർഗ്ഗമനം അഥവാ ആത്മാവിന്റെ ശരീരത്തിൽ നിന്നുള്ള വിയോഗം. അതാണ് മൃത്യുവിനുള്ള മുഖ്യകാരണം. പൂർണ്ണായുസ്സെത്തിയാൽ ശരീരത്തിൽ ജരാനരകൾ ബാധിക്കുകയും അത് സ്വാഭാവിക മൃത്യുവിന് കാരണമായിത്തീരുകയും ചെയ്യുന്നു. ജനന-മരണ പ്രക്രിയ പ്രകൃതിനിയമമനുസരിച്ചാണ് നടക്കുന്നത്. ഈശ്വരൻ ചെയ്യുന്നത് ജീവാത്മാവിന്റെ ചെയ്തുപോയ കർമ്മങ്ങൾക്കനുസരിച്ച് ജാതി, ആയുസ്സ്, ഭോഗം തുടങ്ങിയവവഴി ഫലം പ്രദാനം ചെയ്യുക എന്നതാണ്. ഈശ്വരൻ ഒരിക്കലും ഒരാളുടെ ജീവനെടുക്കുകയോ കാരണമില്ലാതെ യാതൊന്നും ചെയ്യുകയോ ഇല്ല. മൃത്യുവിന് അനേകം കാരണങ്ങളുണ്ടാവാം. മരിച്ചുകഴിഞ്ഞ ശരീരത്തിൽ ആത്മാവ് ഒരിക്കലും തിരിച്ചുവരുന്നില്ല. ഈശ്വരന് മൃതശരീരത്തിന് ജീവൻ നൽകാൻ സാധ്യമല്ല. കാരണം സ്വയമുണ്ടാക്കിയ നിയമങ്ങളെ ലംഘിക്കുവാൻ ഈശ്വരന് സാദ്ധ്യമല്ല. അതിൽ പരിവർത്തനം ചെയ്യുകയുമില്ല. കാരണം ഈശ്വരനുണ്ടാക്കുന്ന നിയമങ്ങളെല്ലാം അചഞ്ചലവും പരിവർത്തനമില്ലാത്തതും സത്യവുമാണ്. അതിനാൽ മരിച്ചയാൾക്ക് ഒരിക്കലും വീണ്ടും ജീവിക്കാൻ സാദ്ധ്യമല്ല. അതുപോലെ കാരണമില്ലാതെ ആരും മരിക്കുന്നുമില്ല.

**ചോദ്യം 75: ജീവാത്മാവിന് ഈശ്വരനെപറ്റിയുള്ള പൂർണ്ണജ്ഞാനം സാദ്ധ്യമാണോ?**

**ഉത്തരം :** ജീവാത്മാവ് ഒരു സമയത്ത് ഒരു സ്ഥലത്തുമാത്രം താമസിക്കാൻ സാധിക്കുന്നവനാണ്. എവിടെയാണോ താമസിക്കുന്നത് അതിനേപ്പറ്റിയുള്ള പരിമിതജ്ഞാനം മാത്രമേ അതിനുണ്ടാവുകയുള്ളു. പരമാത്മാവിന്റെ സർവ്വവ്യാപിത്വം നിസ്സിമമാണ്. അദ്ദേഹം സർവ്വവ്യാപകനാണ്. എല്ലാവരുടേയും അകത്തും പുറത്തും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നവനാണ്.

(തുടരും)

*ന വിത്തേന തർപണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ആചാര്യൻ** : താങ്കൾക്ക് എത്രവിധം പാഠങ്ങളറിയാം?
**പണ്ഡിതൻ** : ഒരു പാഠം മാത്രം.
**ആചാര്യൻ** : നിനക്കൊന്നുമറിയില്ല. എനിക്ക് മൂന്നുപാഠങ്ങളറിയാം. മനസ്സിലായോ? അതിങ്ങനെയാണ്.
ഒന്ന് : സ്ത്രീഗനേസാജനമ, രണ്ട് - സ്ത്രീഗനേശാപ നമ, മൂന്ന് - സ്ത്രീഗനേസായനമ
**പണ്ഡിതൻ** : താങ്കളുടെ ഈ പാഠങ്ങളിൽ അഞ്ചുദോഷങ്ങളുണ്ട്. ആദ്യത്തെ പാഠത്തിൽ 'ശ' ക്ക് 'സ' എന്നും 'ണ' ക്ക് 'ന' എന്നും 'ശാ' എന്നതിന് 'സാ' എന്നും 'യ' എന്നതിന് 'ജ, പ' എന്നും പറയുകയും വിസർഗ്ഗം ഉച്ചരിക്കാത്തതും അഞ്ച് തെറ്റുകളാണ്.
**ആചാര്യൻ** : താൻ പോടോ? ഗുരുവിന്റെ വലിയ വീട്ടിൽ എല്ലാം ശുദ്ധം. (അതായത് ഗുരുപറയുന്നതെല്ലാം ശരി എന്നർത്ഥം). പണ്ഡിതൻ ഒന്നും മിണ്ടാതെ അവിടെനിന്നും പോയി. എന്തെന്നാൽ "സർവ്വസ്യൗഷധമസ്തി, ശാസ്ത്രകഥിതം മൂർഖസ്യ നാസ്ത്യൗഷധം" എല്ലാറ്റിനും ശാസ്ത്രത്തിൽ ഔഷധം വിധിച്ചിട്ടുണ്ട്. എന്നാൽ മൂഢന്റെ ശാഠ്യത്തിന് ഔഷധമില്ല. അത്തരം ശഠൻമാരിൽനിന്നും അകന്നുനിൽക്കണം.എന്നാൽ അവർ തെറ്റുതിരുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ തിരുത്തിക്കൊടുക്കുകയും വേണം.

**ചോദ്യം: അമ്മ, അച്ഛൻ, ആചാര്യൻ, അതിഥി എന്നിവർ അധർമ്മം ചെയ്യുകയോ ഉപദേശിക്കുകയോ ചെയ്താൽ അതനുസരിക്കണോ?**

ഉത്തരം : ഒരിക്കലും അരുത്. ചീത്തമാതാപിതാക്കൾ സന്താനങ്ങൾക്ക് മോശമായ ഉപദേശങ്ങൾ നൽകിയേക്കാം. മകളെ! നിന്റെ വിവാഹം ഉടൻ നടത്തിത്തരാം. ആരുടെ എന്തു വസ്തുകിട്ടിയാലും അടിച്ചുമാറ്റി കൊണ്ടുവന്നാലും. നിന്നെ ആരെങ്കിലും ചീത്തവിളിച്ചാൽ തിരിച്ച് അവരോട് അമ്പത് ചീത്ത പറയണം. വഴക്ക്, ശണ്ഠ, കളി, മോഷണം, പരദൂഷണം, മിഥ്യാഭാഷണം, മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്തെന്നാൽ ഇവയെല്ലാം നമ്മുടെ കുലപാരമ്പര്യമാണ്. അതിനുള്ള പ്രമാണം കേട്ടാലും, 'കുല ധർമ്മഃ സനാതനഃ' അതായത് കുലത്തിൽ പണ്ടുമുതലാചരിച്ചുവരുന്നത് തുടർന്നാൽ തെറ്റില്ല എന്നർത്ഥം.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**അദ്ധ്യായം 2** **വേദവും ശൂദ്രനും**

**അ**തായത് നാലുവർണ്ണത്തിൽ പെട്ട പുരുഷന്മാരും സ്ത്രീകളും അവരിലുള്ള ഗുണകർമ്മ സ്വഭാവമനുസരിച്ചുള്ള വർണ്ണത്തിൽപ്പെട്ടവരായി കണക്കാക്കും എന്നർത്ഥം.

സത്യാർത്ഥ പ്രകാശം ചതുർത്ഥ സമുല്ലാസത്തിൽ ആപസ്തംബ സൂത്രം (2.5.1.1) പ്രമാണമനുസരിച്ച് സ്വാമി ദയാനന്ദൻ പറയുന്നു "ധർമ്മാചരണത്തിൽ നികൃഷ്ട വർണ്ണക്കാരായവർക്ക് തങ്ങളെക്കാൾ ഉത്തമോത്തമ വർണ്ണത്തെ പ്രാപിക്കാവുന്നതാണ്. അവർ ഏതു വർണ്ണത്തിനാണോ യോഗ്യരാവുന്നത് ആ വർണ്ണത്തിൽപ്പെട്ടവരായി അവരെ കണക്കാക്കാവുന്നതാണ്. അതേപോലെ അധർമ്മാചരണങ്ങൾ നടത്തിയാൽ ഉത്തമ വർണ്ണങ്ങളിൽപെട്ടവർ താഴ്ന്ന വർണ്ണക്കാരായി മാറും. അവരെ ആ വർണ്ണക്കാരായി കണക്കാക്കുക. ജാതിവ്യവസ്ഥയെ മഹർഷി ദയാനന്ദൻ ശക്തമായെതിർത്തിരുന്നു. അതേസമയം വർണ്ണവ്യവസ്ഥയെ ശക്തമായി അനുകൂലിക്കുകയും ചെയ്തിരുന്നു. ശൂദ്രൻമാർക്ക് വേദാദ്ധ്യയനത്തിനധികാരം നൽകാനും എല്ലാവരുമൊത്ത് ഭക്ഷണം കഴിക്കുന്നതിനും വേണ്ടി അദ്ദേഹം കഠിനമായി പ്രയത്നിച്ചിരിക്കുന്നു.

**ചോദ്യം 8 : വേദാദി ശാസ്ത്രങ്ങളിൽ ശൂദ്രരെ താഴ്ന്നവരായി (അയിത്തക്കാരായി) പറഞ്ഞിട്ടുണ്ടോ?**

ഉത്തരം : വേദങ്ങളിൽ ശൂദ്രൻമാരെ ആര്യൻ എന്നാണ് പറയുന്നത്. അതിനാൽ അവരെ താഴ്ന്നവരായി കാണുന്ന പ്രശ്നമേയില്ല. ബ്രാഹ്മണർ മുതൽ ശൂദ്രർ വരെയുള്ള വർണ്ണക്കാർ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ വേദാദി ശാസ്ത്രങ്ങളിൽ പ്രമാണമുണ്ട്. എല്ലാവരും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണമെന്ന് വേദം ഉപദേശിക്കുന്നു.

"അല്ലയോ മിത്രങ്ങളെ ! നമ്മളെല്ലാമൊന്നിച്ചിരുന്ന് ബലവർദ്ധകവും സുഗന്ധയുക്തവുമായ അന്നത്തേ ഭക്ഷിച്ചാലും! അതായത് സഹഭോജനം ചെയ്താലും എന്ന് (ഋഗ്വേദം 9.98.2)

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



"ലാൽജി! വഴിച്ചിലവിനായി 20 രൂപയും രണ്ടു പുതിയ കുർത്തകളും എനിക്ക് തന്നാലും. മേൽവസ്ത്രത്തിന്റെ കാര്യത്തിൽ എനിക്കത്രനിഷ്കർഷയൊന്നുമില്ല. പക്ഷെ ശരീരത്തിൽ ഒട്ടിക്കിടക്കുന്ന വസ്ത്രം ശുദ്ധമായിരിക്കണമെന്നുണ്ട്." ഞാൻ ആര്യപഥികനെ ആശ്ചര്യത്തോടെ നോക്കികൊണ്ട് പറഞ്ഞു "എന്താ! വീട്ടിൽ നിന്നും വല്ല കമ്പി സന്ദേശവും വന്നിട്ടുണ്ടോ?" ലേഖ്റാമിന്റെ ഉത്തരമിതായിരുന്നു. "വീടിനെക്കുറിച്ച് എനിക്കത്ര ചിന്തയൊന്നുമില്ല. ഞാൻ ധർമ്മശാലയിലേക്ക് പോവുകയാണ് എന്തു ചെയ്യാനാ? പോയേതീരു"

വൈകുന്നേരത്തെ വണ്ടിക്ക് ഞാൻ അങ്ങോട്ട് പോകുന്നുണ്ട്. അപ്പോൾ ലേഖ്റാം ഇങ്ങനെ പറഞ്ഞു. "ലാൽജി! അങ്ങ് ഇവിടെ നിന്ന് മാറി നിൽക്കുന്നത് വളരെ ഹാനികരമാണ്. അങ്ങയുടെ ബലത്താലാണ് ഞങ്ങളെല്ലാം പ്രവർത്തിക്കുന്നത്. ഇത്രയും ചെറിയ കാര്യങ്ങൾക്ക് അങ്ങേക്ക് കഷ്ടത വരുത്തുകയാണെങ്കിൽ ഞങ്ങളെല്ലാം എന്തിനാണ്? പൈസ പെട്ടെന്ന് തന്നാലും, വണ്ടിയുടെ സമയമായി. ഈ ദൃശ്യം ഓർക്കുമ്പോൾ ഇപ്പോഴും എന്റെ കണ്ണിൽ നിന്ന് വെള്ളം ഇറ്റിറ്റായി വീഴുന്നുണ്ട്. ആര്യസമാജത്തിന്റെ അവസ്ഥ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു ലേഖ്റാം. ധർമ്മവീരനും കർത്തവ്യപരായണനുമായ ലേഖ്റാം"

രൂപ പെട്ടിയുടെ പോക്കറ്റിൽ വെച്ച് വണ്ടി വരുന്നത് വരെ കാത്തു നിൽക്കാതെ ലേഖ്റാം സ്റ്റേഷനിലേക്ക് നടന്നുപോയി.

ധർമ്മശാലയിൽ ലേഖ്റാം അതിശയകരമായ പ്രസംഗപാടവമാണ് കാഴ്ചവെച്ചത്. സനാതനിയായ സ്വാമി ബ്രഹ്മാനന്ദ ഭാരതി 'നിയോഗ'മെന്ന വിഷയമെടുത്തിട്ട് ആര്യസമാജത്തേയും അതിന്റെ പ്രവർത്തകരേയും കടന്നാക്രമിച്ചു. അതിനെതിരായി മഹാത്മാ ഹൻസ്രാജ് നേരത്തെ ഒരു പ്രഭാഷണം നടത്തിയിരുന്നു. നവീന വേദാന്തികളുടെ ആശയങ്ങളെ ഖണ്ഡിക്കുകയും ചെയ്തിരുന്നു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

കവിത

# കാരുണ്യവർഷം

(മുരളീധരൻ തൃക്കണ്ടിയൂർ)

പ്രകാശസ്വരൂപാ പ്രപഞ്ചാധിനാഥാ
അനന്താദിഗോളങ്ങിൽ ലസിപ്പൂ
ജഗത്തിന്നു മുമ്പായ് ഭവാൻ വർത്തനീയൻ
ജഗത്തിന്നധീശൻ ഭവാൻ മാത്രമല്ലോ

ചിദാ്കാശരൂപാ മഹാകാശരൂപാ
ചിദാനന്ദരൂപാ സദാസദ്ഗുണാഢ്യ
പരംയോഗശക്തി പ്രദാ പ്രേമരൂപാ
നമിക്കുന്നു ഭക്ത്യാ ഭവൽ പാദമെന്നും

ഭവാനാത്മദൻ ശക്തിദൻ സർവ്വമാന-
മനുഷ്യർക്കു മങ്ങേ പരം മോക്ഷദാതാ
ജനിക്കും മൃതിക്കും ഭവാൻ ഹേതുഭൂതൻ
പരം ചിൽസുഖം തന്നു രക്ഷിക്ക നാഥാ
ഭവാൻ നൽക ഞങ്ങൾക്കു കാരുണ്യവർഷം
ഭവൽപ്പുത്രരാം ഞങ്ങളിൽ സർവ്വകാലം

ഛിദ്രം വൃണ (യജുർവ്വേദം 12.54)
തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/08/2018
RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

ദയാനന്ദ സന്ദേശം വൈദിക മാസിക

# ദയാനന്ദ സന്ദേശം വൈദിക മാസിക

സത്യ – സനാതന – വൈദികധർമ്മ സന്ദേശം!

അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ
വൈദിക സിംഹഗർജ്ജനം!

ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!

**വാർഷിക വരിസംഖ്യ ₹ 100/- ദീർഘകാലം ₹ 1500/-.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**

**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**

Email: dayanandasandesam@gmail.com

ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ
ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.

**DAYANANDA SANDESAM**

**Bank Account No: 4264000100072426, IFSC Code : PUNB 0426400**

**Punjab National Bank- Cherpalcheri Branch**

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan
Email: dayanandasandesam@gmail.com Phone: 09562529095